

വായിച്ചുകൊടുക്കാൻ

# കീയോൻ എന്ന കോഴിക്കുഞ്ഞ്

• ഗീത പി.എ കല്ലട

കീയോൻ എന്ന കോഴിക്കുഞ്ഞ് ഒരു ദിവസം അമ്മ അറിയാതെ വീട്ടിൽ നിന്നിറങ്ങി. പാട്ടും പാടി ചാടിത്തുള്ളി നടന്ന അവൻ ഒരു കുളത്തിൽ നീന്തിക്കളിക്കുന്ന കുഞ്ഞൻ താറാവിനെ കണ്ടു.

"ഹയ്യട, നിന്നോടൊപ്പം കളിക്കാൻ ഞാനും വരുന്നു!" ഇങ്ങനെ പറഞ്ഞു കൊണ്ട് കീയോൻ കുളത്തിലേക്ക് 'ബ്ലും' എന്നൊരു ചാട്ടം.

എന്നാൽ കോഴിക്കുഞ്ഞിനുണ്ടോ താറാവിനെ പോലെ നീന്താൻ കഴിയുന്നു.

"ഹമ്മേ.... രക്ഷിക്കണേ..!" കീയോൻ വെള്ളത്തിൽ മുങ്ങിപ്പൊങ്ങി ചിറകടിച്ച് നിലവിളിച്ചു.

കുളത്തിന്റെ അടിത്തട്ടിൽ ഇരുന്ന ആമച്ചേട്ടൻ അത് കണ്ട് വേഗം മുകളിലേക്ക് വന്നു. എന്നിട്ട് കീയോനെ തന്റെ പുറത്തു കയറ്റി കരയിലെത്തിച്ചു.

ഈ ബഹളമെല്ലാം കണ്ട് പേടിച്ചു പോയ കുഞ്ഞൻ താറാവും വേഗം കരയ്ക്കു കയറി.

ആമച്ചേട്ടന്റെ പ്രഥമശുശ്രൂഷ കഴിഞ്ഞപ്പോൾ കീയോന്റെ അവശതയൊക്കെ മാറി. അവൻ മെല്ലെ എഴുന്നേറ്റു.

അപ്പോൾ ആമച്ചേട്ടൻ കീയോനോട് ചോദിച്ചു: "കീയോനേ, നീ കുഞ്ഞൻ താറാവിന്റെ കാല് കണ്ടോ?"

"കണ്ടു," കീയോൻ പറഞ്ഞു.

"തുഴ പോലുള്ള ആ കാലുകൾ കൊണ്ട് സുഖമായി നീന്താൻ കഴിയും. നിന്റെ കാലുകൊണ്ട് തറയിൽ ചിക്കിച്ചികയാനേ കഴിയൂ. നീന്താൻ കഴിയില്ല. ഇനി, നീ നിന്റെ തൂവലും താറാക്കുഞ്ഞന്റെ തൂവലും നോക്കൂ," ആമച്ചേട്ടൻ പറഞ്ഞു.

"നോക്കി," കീയോൻ പറഞ്ഞു.

"താറാക്കുഞ്ഞന്റെ തൂവല് കണ്ടോ, ഒട്ടും നനഞ്ഞിട്ടില്ല. എന്നാൽ നിന്റെ തൂവലുകളോ, ആകെ നനഞ്ഞു കുതിർന്നു പോയി. വെള്ളം വീണാൽ നിന്റെ തൂവൽ നനയും. താറാക്കുഞ്ഞന്റെ തൂവൽ നനയില്ല. മനസ്സിലായോ?" ആമച്ചേട്ടൻ ചോദിച്ചു.

"മനസ്സിലായി," കീയോൻ തലകുലുക്കി.

"ഇനി നീ താറാക്കുഞ്ഞന്റെ ചുണ്ട്

▸▸ ഗ്രീൻ ബെൽറ്റ് മൂവ്മെന്റ് എന്ന പരിസ്ഥിതി സംഘടന ആരംഭിച്ചത്– വംഗാരി മാതായി

നോക്കൂ," ആമച്ചേട്ടൻ പറഞ്ഞു.
"നോക്കി," കീയോൻ പറഞ്ഞു.
"താറാക്കുഞ്ഞന്റെ പരന്ന ചുണ്ടുകൾ വെള്ളത്തിൽ നിന്നും ഇര പിടിക്കാൻ പറ്റിയവയാണ്. തറയിൽ നി ന്നും കൊത്തിത്തിന്നാൻ യോജിച്ച രീതിയിൽ കൂർത്തതാണ് നിന്റെ ചുണ്ട്." ഇത്രയും പറഞ്ഞിട്ട് ആമച്ചേട്ടൻ ഒന്നു നിറുത്തി. എന്നിട്ട് ഒരു ചോദ്യം ചോദിച്ചു: "കീയോനേ,
ഇതെല്ലാം കണ്ടപ്പോൾ നിനക്ക് എന്തു മനസ്സിലായി?"
കീയോൻ ഒരു നിമിഷം എന്തോ ആലോചിച്ചു നിന്നു. എന്നിട്ട് പറഞ്ഞു, "കോഴികൾക്ക് താറാവിനെപ്പോലെ വെള്ളത്തിൽ നീന്തുവാൻ കഴിയില്ല എന്ന് മനസ്സിലായി."
അതു കേട്ട് ആമച്ചേട്ടൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "കീയോനേ, ഇതുപോലെ ഒത്തിരി കാര്യങ്ങൾ നീ പഠിക്കാനുണ്ട്. അതുകൊണ്ടാണ് നിന്റെ അമ്മ നിന്നെ ഒറ്റക്ക് പുറത്തേക്കൊന്നും വിടാതെ ചിറകിനടിയിൽ കൊണ്ടുനടക്കുന്നത്. മനസ്സിലായോ?"
"മനസ്സിലായി," കീയോൻ തലകുലുക്കിക്കൊണ്ട് പറഞ്ഞു.
അപ്പോഴതാ 'മോനേ.. കീയോനേ.. മോനേ.. കീയോനേ..' എന്ന് കരഞ്ഞ് വിളിച്ചുകൊണ്ട് തള്ളക്കോഴി ആ വഴി വരുന്നു. കീയോനെ കണ്ടതും തള്ളക്കോഴി ഓടി വന്ന് ചിറകുകൾ കൊണ്ട് അവനെ കെട്ടിപ്പിടിച്ചു.
"അമ്മേ, അമ്മയെ വിട്ടു ഞാൻ ഇനി എങ്ങും പോകില്ല. അമ്മ പറയുന്നതെല്ലാം അനുസരിച്ച് അമ്മയുടെ ഒപ്പം കഴിയും. അല്ലെങ്കിൽ ആപത്താണെന്ന് എനിക്ക് മനസ്സിലായി." കീയോൻ കണ്ണീരോടെ പറഞ്ഞു.
അങ്ങനെ അമ്മ പറഞ്ഞതെല്ലാം അനുസരിച്ചും, അമ്മ പറഞ്ഞതെല്ലാം പഠിച്ചും കീയോൻ മിടുമിടുക്കനായി മാറി.

•




▸▸ സമുദ്രത്തിന്റെ ആഴം അളക്കുന്ന ഉപകരണം– ഫാത്തോ മീറ്റർ